(ഡി) സംസ്ഥാനത്ത് എയ്ഡ്സ് രോഗ ബാധിതരെ സംബന്ധിച്ച് 1998 ഫെബ്രുവരിക്ക് ശേഷം എല്ലാവർഷവും അതിനു കാരണമാകുന്ന എച്ച്.ഐ.വി. ബാധിതരുടെ തോത് അറിയുവാൻ വേണ്ടി സാമ്പിൾ സർവ്വേ നടത്തുന്നുണ്ട്. സംസ്ഥാനത്ത് എഴുപതിനായിരത്തിനും ഒരു ലക്ഷത്തിനും ഇടയ്ക്ക് എച്ച്.ഐ.വി. ബാധിതർ ഉണ്ടെന്നാണ് ഈ പഠനങ്ങൾ വെളിപ്പെടുത്തുന്നത്.

(ഇ) സംസ്ഥാനത്തിന് പുറത്ത് ജോലിത്തേടിപ്പോയിട്ടുള്ളവരിലാണ് കൂടുതലായി എച്ച്.ഐ.വി. ബാധയുള്ളതെന്ന് പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തെ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ദേശീയ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ മാർഗ്ഗ രേഖകൾക്ക് എതിരായതിനാൽ സംസ്ഥാനത്തിനു പുറത്തുനിന്നും വരുന്നവരെ പ്രത്യേക പരിശോധനയ്ക്ക് വിധേയരാക്കുവാൻ നിർവാഹമില്ല.

(എഫ്) എച്ച്.ഐ.വി. ബാധ ഉണ്ടെന്ന് സംശയിക്കുന്നവർക്ക് സൗജന്യ നിരക്കിൽ കൗൺസിലിംഗും രക്ത പരിശോധനയും നടത്തുന്നതിനായി കേരളത്തിൽ 9 കേന്ദ്രങ്ങൾ തുടങ്ങുവാനുള്ള പദ്ധതിയുണ്ട്. അതിന്റെ തുടക്കമായി തിരുവനന്തപുരത്ത് പബ്ളിക് ഹെൽത്ത് ലബോറട്ടറിയിൽ ഒരു വോളന്ററി ബ്ലഡ് ടെസ്റ്റിംഗ് സെന്റർ തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

മുല്ലപ്പെരിയാർ അണക്കെട്ട്

24 (*24) ശ്രീ. പി. സി. ജോർജ് :
ശ്രീ. എ. കണാരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ദുർബലമായ അവസ്ഥ കേരളത്തിലെ നാല് ജില്ലകളിലെ ജനങ്ങളുടെ സുരക്ഷിതത്വത്തിന് ഭീഷണിയായി തീർന്നിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) തുടർച്ചയായി ഉണ്ടാകുന്ന ഭൂചലനങ്ങൾ മുല്ലപ്പെരിയാർ അണക്കെട്ടിന് ഭീഷണി വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ജലനിരപ്പ് താഴ്ത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തൊക്കെ ശ്രമങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഡാമിൽ യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏത് വേനൽക്കാലത്തും 102 അടിയിൽ താഴോട്ട് ജലനിരപ്പ് താഴ്ത്താത്ത മുല്ലപ്പെരിയാറിൽ ഈ 102 അടി വരെ ഉയരമുള്ള ഭാഗങ്ങളിൽ എപ്രകാരമാണ് അറ്റകുറ്റപ്പണികൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ജി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പാട്ടക്കരാർ സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ&ബി) ഉണ്ട്. 1979-ൽ മുല്ലപ്പെരിയാർ ഡാമിന്റെ ദുർബലാവസ്ഥ കണക്കിലെടുത്ത് ഡാം ബലപ്പെടുത്തുന്നതിനായി ഇരുസംസ്ഥാനങ്ങളും കൂട്ടായി തീരുമാനിച്ചതിനെത്തുടർന്ന് മൂന്ന് ഘട്ടമായുള്ള ബലപ്പെടുത്തലുകൾ (അടിയന്തിരം, ഇടക്കാലം, ദീർഘകാലം) ജോലികൾ നടത്താൻ തീരുമാനിച്ചു. ഈ ജോലികൾ ഇതിനകം പൂർത്തിയായി. ഇതിന്റെ ഭാഗമായി ജലനിരപ്പ് 136 അടിയായി നിലനിറുത്തി. സ്പിൽവേ ഷട്ടറുകൾ എല്ലാം 1979 മുതൽ തുറന്നു വച്ചിരിക്കുകയാണ്. ബലപ്പെടുത്തൽ നടപടികൾ പൂർത്തീകരിച്ചതു മുതൽ 136 അടിക്കു മുകളിൽ ജലനിരപ്പ് ഉയർത്തണമെന്ന് തമിഴ്നാട് നിരന്തരം ആവശ്യപ്പെട്ടുവരുന്നുണ്ടെങ്കിലും കേരളം ഈ ആവശ്യം തള്ളിക്കളയുകയായിരുന്നു. ജലനിരപ്പ് 136 അടിയിൽനിന്നുയർത്തുന്നതിനെതിരെ കേരള നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കിയിരുന്നു. മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്നത് സംബന്ധിച്ച് കേരള, തമിഴ്നാട് ഹൈക്കോടതികളിൽ നിലനിൽക്കുന്ന കേസുകൾ സുപ്രീംകോടതിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സർക്കാരും ഡോ. സുബ്രഹ്മണ്യൻ സ്വാമിയും നൽകിയ ട്രാൻസ്ഫർ പെറ്റീഷനുകൾ കേരളം ശക്തിയുക്തം എതിർത്തുവരുന്നു. ഇതിനായി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരായ ശ്രീ. അശോക് ദേശായി, ഡോ. രാജീവ് ധവാൻ, ശ്രീ. അന്ത്യാർജ്ജുന എന്നിവർക്ക് പുറമെ അഡ്വക്കേറ്റ് ജനറലും കോടതിയിൽ ഹാജരാകുന്നുണ്ട്. കേരളം ഇതിനകം മൂന്ന് അഫിഡവിറ്റുകൾ സമർപ്പിച്ചു കഴിഞ്ഞു. ഇതിൽ വനം, പരിസ്ഥിതി പ്രശ്നങ്ങൾ, ആദിവാസി-കുടിയൊഴിപ്പിക്കൽ, ജനങ്ങളുടെ സ്വത്തിനും ജീവനുമുണ്ടായേക്കാവുന്ന ഭീഷണി തുടങ്ങി എല്ലാ വശങ്ങളും പരാമർശിച്ചിട്ടുണ്ട്. കേസിന്റെ മേൽനോട്ടം വഹിക്കാൻ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന താൽപര്യം പരിരക്ഷിക്കാൻ അതാത് സമയത്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനത്ത് പ്രത്യേകം ഒരു അന്തർ സംസ്ഥാന നദീജലസെൽ രൂപവൽക്കരിക്കുകയും ആയത് കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തുകഴിഞ്ഞു.

(സി) കേരളത്തിലുണ്ടായ ഭൂചലനങ്ങൾ മുല്ലപ്പെരിയാർ ഡാമിനെ എത്ര മാത്രം/എങ്ങിനെ ബാധിച്ചു എന്ന് പഠിക്കുന്നതിനായി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ഡയറക്ടർ ചെയർമാനായി ശാസ്ത്രജ്ഞൻമാരടങ്ങിയ ഒരു വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ പഠനം പൂർത്തിയായാലേ ഇക്കാര്യം വ്യക്തമായി അറിയാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ പഠന നിഗമനങ്ങൾ പഠിച്ചശേഷമേ ഇക്കാര്യത്തിൻ എന്തെല്ലാം തുടർനടപടികൾ എടുക്കണമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ഇ) ഉണ്ട്.

(എഫ്) 999 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയ പ്രദേശത്ത് നിർമ്മിച്ച ഈ ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നത് തമിഴ്നാട് സർക്കാരാണ്.

(ജി) 999 വർഷത്തേയ്ക്കുള്ള ഈ കരാറിന്റെ സാധുതയെക്കുറിച്ച് വിശദമായ നിയമ വിശകലനം പരിഗണനയിലുണ്ട്.

പുതിയ റേഷൻ കാർഡുകൾ

25 (*25) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന റേഷൻ കാർഡുകൾ പുതുക്കേണ്ടിയിരുന്ന തീയതി എന്നായിരുന്നു ;

(ബി) റേഷൻ കാർഡുകൾ പുതുക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡുകൾ എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രയോജനപ്പെടുത്തിയിരുന്നത് ;

(ഡി) നിലവിലുള്ള റേഷൻ സമ്പ്രദായം നിലനിർത്തിക്കൊണ്ടു പോകാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കുവാൻ റേഷൻ കാർഡുകൾ ആവശ്യമുണ്ടോ ;

(എഫ്) റേഷൻ സമ്പ്രദായത്തെക്കുറിച്ച് വിലയിരുത്തുവാൻ എത്തിയ പാർലമെന്റ് കമ്മിറ്റിക്ക് മുമ്പിൽ ഗവൺമെന്റ് പ്രകടിപ്പിച്ച അഭിപ്രായം വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 2001 ജനുവരി ഒന്നിന് നിലവിലുള്ള കാർഡുകൾ പുതുക്കേണ്ടതായിരുന്നു.

(ബി) റേഷൻ കാർഡുകൾ പുതുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പുതുക്കുന്നതുവരെയുള്ള കാലയളവിൽ നിലവിലുള്ള കാർഡുകളിൽ സ്ളിപ്പുകൾ ഒട്ടിച്ച് തുടരുന്നതാണ്.

(സി) റേഷൻ സാധനങ്ങൾ വാങ്ങുന്നതിലേക്ക് മാത്രമാണ് റേഷൻ കാർഡ് ഉപയോഗിക്കേണ്ടത് എന്നാണ് റേഷനിംഗ് ഓർഡറിലെ വ്യവസ്ഥ.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly